II ഇ.ബി. XIII- കേരള നിയമസഭ/XI- 16

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂൺ 30, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

52(*451) **സർക്കാർ ഉദ്യോഗസ്ഥർക്ക് പെരുമാറ്റച്ചട്ടം**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, മെച്ചപ്പെട്ടതും സമയബന്ധിതവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി എല്ലാ സർക്കാർ ഉദ്യോഗസ്ഥർക്കും ബാധകമാക്കിയിട്ടുള്ള സമഗ്രമായ പെരുമാറ്റ ച്ചട്ടം നിലവിലുണ്ടെന്ന് സഭയെ അറിയിച്ചു. 1960–ൽ നിലവിൽ വന്ന സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടത്തിൽ നിലവിലുള്ള വിവരാവകാശ, സേവനാവകാശ നിയമങ്ങൾകൂടി ഉൾപ്പെടുത്തി കാലാനുസൃതമായ മാറ്റംവ രുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ജീവനക്കാരുടെ സഹകരണ ത്തോടുകൂടി ജനങ്ങൾക്ക് കാര്യക്ഷമവും ഗുണപരവുമായ സേവനം ലഭ്യമാ ക്കുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് വിവരാവകാശ നിയമം, സേവനാവകാശ നിയമം, ഓൺലൈൻ സർവ്വീസ് എന്നിവ ഏർപ്പെടുത്തിയിട്ടു ള്ളത്. നിലവിൽ ഓൺലൈനിലൂടെ ലഭ്യമാക്കുന്ന 130 സേവനങ്ങൾ 2015 മാർച്ച് 31–നകം 300 ആക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു

വരികയാണ്. മതസംഘടനകളുടെയോ മറ്റേതെങ്കിലും ട്രസ്റ്റിന്റെയോ ഭാരവാഹിയായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻ പ്രസ്തുത വിവരം ഗവൺമെന്റിനെ അറിയിക്കേണ്ടതാണ്. മതപരമായ സംഘടനകളിൽ പ്രവർത്തിക്കുന്നതിൽനിന്ന് ഉദ്യോഗസ്ഥരെ വിലക്കിയിട്ടില്ലെന്നും പകരം ചില നിബന്ധനകൾ ഏർപ്പെടുത്തുന്നത് പര്യാപ്തമായിരിക്കുമെന്നും മെച്ചപ്പെട്ട സേവനം കാഴ്ച വയ്ക്കുന്ന ഉദ്യോഗസ്ഥരെ പ്രോത്സാഹിപ്പിക്കുന്നതാണെന്നും ഉദ്യോഗസ്ഥർക്ക് അവരവരുടെ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതാണെന്നും രാഷ്ട്രീയ നേതൃത്വവുമായി സംസാരിച്ച് സമവായം ഉണ്ടാക്കിയശേഷം സർവ്വീസ് സംഘടനാ നേതൃത്വവുമായി ചർച്ച ചെയ്ത് കാലാനുസൃതമായ മാറ്റം പെരുമാറ്റച്ചട്ടങ്ങളിൽ വരുത്തണമെന്ന് ഉയർന്നുവന്നിരിക്കുന്ന ആവശ്യം പരിഗണിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

53(*452) <u>മദ്യത്തിന് സെസ്</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, നിർദ്ധനരായ രോഗികൾക്ക് ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം നടത്തുന്നതിന് കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വിൽപ്പന നടത്തുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെയും ബിയറിന്റെയും വിൽപ്പന നികുതിയിൽ 1% മെഡിക്കൽ സെസ് ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഈയിനത്തിൽ 2012-13–ൽ 26.2 കോടി രൂപയും 2013-14 –ൽ 44.3 കോടി രൂപയും 2014-15–ൽ (മേയ്

വരെ) 8.66 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. കെ.എസ്.ബി. സി.-യുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി ആരോഗ്യവകുപ്പുമായി ചേർന്ന് കളമശ്ശേരി മെഡിക്കൽ കോളേജിലും അട്ടപ്പാടിയിലും ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ഇതിനകം ഒരു കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. മദ്യലഭ്യതയും മദ്യപാനവും കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായിട്ടാണ് ത്രീ സ്റ്റാർ ഹോട്ടലുകളിലും ഫോർ സ്റ്റാർ ഹോട്ടലുകളിലും ബാർ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതെന്നും പാഠ്യപദ്ധതിയിൽ മദ്യപാനത്തിന്റെ ദോഷവശങ്ങൾ ഉൾപ്പെടുത്തുന്നതാണെന്നും നിലവാരമില്ലാത്ത 418 ബാർഹോട്ടലുകൾ അടച്ചുപൂട്ടിയതിനുശേഷവും മദ്യ വിൽപ്പനയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 54(*453) അനധികൃത സാമ്പത്തിക സ്ഥാപനങ്ങൾക്കെതിരെ നടപടി

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, അനധികൃത സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങൾക്കും അമിത പലിശ ഈടാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന വ്യക്തികൾക്കുമെതിരെ കർശന നിയമനടപടികൾ സ്വീകരിക്കണമെന്നും ഇത്തരം കുറ്റകൃത്യങ്ങളിൽ സ്ഥിരമായി ഏർപ്പെടുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും 'കാപ്പ' ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള സർക്കുലർ സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടെന്നും ഇതനുസരിച്ച് തിരുവനന്തപുരം സിറ്റി ജില്ലയിൽ രണ്ടുപേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അനധികൃത സാമ്പത്തിക സ്ഥാപന

ങ്ങൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളും സംവിധാനങ്ങളും പര്യാപ്തമാണ്. രഹസ്യനിരീക്ഷണങ്ങളിലൂടെയും റെയ്ഡുകളിലൂടെയും മറ്റ് പരിശോധനകളി ലൂടെയും കണ്ടെത്തിയ 90 അനധികൃത സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇതുവരെ 11492 റെയ്ഡുകൾ നടത്തി 1808 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 907 പേരെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്. 1958-ലെ കേരള മണി ലെൻഡേഴ്സ് ആക്ടിൽ ഭേദഗതി വരുത്തുന്നകാര്യം ധനകാര്യ വകുപ്പുമായി ആലോചിച്ച് തീരുമാനി ക്കുന്നതാണ്. കൊള്ളപ്പലിശക്കാരെ അമർച്ച ചെയ്യുന്നതോടൊപ്പം മിതമായ പലിശ നിരക്കിൽ കാർഷികാവശ്യങ്ങൾക്കുംമറ്റും ജനങ്ങൾക്ക് ലോൺ ലഭ്യമാ ക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. 'ഋണമുക്തി' എന്ന പദ്ധ തിയിലൂടെ 50,000 രൂപവരെ വായ്പകൊടുക്കാനും സഹകരണ ബാങ്കുക ളുടെ പലിശ നിരക്ക് 15% ആയി കുറയ്ക്കുന്നതിനും വ്യക്തികളുടെ സ്വന്തം ജാമ്യത്തിൽ 10,000 രൂപവരെ കൊടുക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൊള്ളപ്പലിശക്കാരിൽനിന്ന് ജനങ്ങളെ രക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഗുണ്ടാ-മാഫിയ സംഘങ്ങൾക്കെതിരെയും ഇവരെ ഉപയോഗിച്ച് പണപ്പിരിവ് നടത്തുന്ന ന്യൂജനറേഷൻ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപങ്ങൾക്കെതിരെയും ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. വ്യവസ്ഥകൾ ഉദാരമാക്കി വിദ്യാഭ്യാസ വായ്പ നൽകുന്നത് സംബന്ധിച്ച് ന്യൂ ജനറേഷൻ ബാങ്കുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കുത്സിത

മാർഗ്ഗങ്ങളിലൂടെ പണം സമ്പാദിക്കുന്ന വ്യക്തികൾക്കെതിരെയും അമിത പലിശ ഈടാക്കുന്ന സ്വകാര്യ ബാങ്കുകൾക്കെതിരെയും 'ഓപ്പറേഷൻ കുബേര'യിലൂടെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റിയിലെടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് സംവിധാനം ഏർപ്പെ ടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ആർ.ബി.ഐ.-യുടെ നിയന്ത്രണം മൂലമാണ് ഇസ്ലാമിക് ബാങ്ക് സ്ഥാപിക്കാൻ സാധിക്കാത്തതെന്നും വ്യാജ പരസ്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്ന താണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4931 മുതൽ 5247 വരെയുള്ള ചോദ്യങ്ങളിൽ 172 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)